# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# ധനവാനും ദരിദ്രനും



എഴുതിയത് : Edward Hughes

ഉദാഹരണം : M. Maillot; Lazarus

അംഗീകരിച്ചത് : M. Maillot; Sarah S.

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ധാരാളം മതഗുരുക്കന്മാർ ദൈവത്തെ സ്നേഹിക്കുന്നതിനെക്കാൾ അധികം പണത്തെ സ്നേഹിക്കുന്നുണ്ടെന്ന് യേശുവിനറിയാം.



രണ്ടു മനുഷ്യർക്ക് എന്തു
സംഭവിച്ചുവെന്നും
ദൈവത്തെ കൂടാതെയുള്ള
ധനം എന്തുകൊണ്ട്
ഉപയോഗശൂന്യമാണെന്നും
യേശു
പറഞ്ഞു.



സ്വർഗത്തിൽ ദൈവത്തോടുകൂടെയുള്ള ജീവിതം വിലയ്ക്കുവാങ്ങുവാൻ ധനത്തിനു കഴിയുകയില്ല.



വളരെ വിലയുള്ള
മനോഹരമായ
വസ്ത്രങ്ങൾ
ഉണ്ടായിരുന്ന
ഒരു ധനവാൻ
ജീവിച്ചിരുന്നു.



ഒരു
രാജാവിനെപ്പോലെ
അവൻ
വസ്ത്രധാരണം
ചെയ്യുമായിരുന്നു.



ആ ധനവാൻ മേൽത്തരമായ ഭക്ഷണങ്ങളും കഴിച്ചുവന്നു. ഓരോ നേരത്തെ ആഹാരവും ഓരോ വലിയ വിരുന്നുപോലെ ആയിരുന്നു. അവനു ധാരാളം പണം ഉണ്ടായിരുന്നതുകൊണ്ട് പ്രഭാത ഭക്ഷണത്തിനോ, ...



... ഉച്ചഭക്ഷണത്തിനോ, അത്താഴത്തിനോ, പിന്നെ ഇടനേരത്തെ കൊച്ചുതീറ്റിയ്ക്കുവേണ്ടിയോ എന്തുവേണമെങ്കിലും വാങ്ങിച്ചുകൂട്ടുവാൻ അവനു കഴിഞ്ഞിരുന്നു.



എന്നാൽ ആ ധനവാന്റെ വീട്ടുവാതിൽക്കൽ
ദരിദ്രനും രോഗിയും ആയിപട്ടിണികിടക്കുന്ന
ഒരു ഭിക്ഷക്കാരൻ



കിടന്നിരുന്നു.
ലാസർ എന്നായിരുന്നു അവന്റെ പേര്.



പാവം ലാസറിന്റെ
ദേഹത്തൊക്കെ
വ്രണങ്ങളുണ്ടായിരുന്നു.
അവന് എന്തെങ്കിലും രോഗം
ഉണ്ടായിരുന്നിരിക്കണം.
മുറിവുകളും
ചതവുകളുമൊക്കെ
മറ്റുള്ളവരിൽനിന്ന്
കിട്ടിയതുമാകാം.



പാൽ, ഇറച്ചി,
പച്ചക്കറികൾ
തുടങ്ങിയ നല്ല
ഭക്ഷണത്തിന്റെ
അഭാവം കൊണ്ട്
ഉണ്ടായതാകാം
തന്റെ വ്രണങ്ങൾ.

അല്പം ഭക്ഷണം കിട്ടേണ്ടതിനായി ലാസർ കാത്തിരിക്കുമായിരുന്നു. ആ ധനവാന്റെ മേശയിൽനിന്നു വീഴുന്ന എച്ചിലുകൊണ്ടുപോലും അവൻ തൃപ്തനാകുമായിരുന്നു.



തെരുവുനായ്ക്കൾപോലും ചിലപ്പോൾ പാവപ്പെട്ട ആ നിസ്സഹായനായ ഭിക്ഷക്കാരന്റേമേൽ കൂട്ടത്തോടെ ചാരിക്കിടന്നിട്ടുണ്ടാവും. അവറ്റകൾ അവന്റെ ചുറ്റും നടക്കുകയും മുറിവുകളിന്മേൽ ...



... നക്കുകയും
ചെയ്തിട്ടുണ്ട്.
ലാസർ കൊടും
പട്ടിണിയിൽ
ആയിരിക്കുന്നത്
ഇതുവരെയും
ആരുടെയും
കണ്ണിൽ
പെട്ടിട്ടില്ലെന്ന്
തോന്നുന്നു.



അങ്ങനിരിക്കെ
ഒരു ദിവസം
ലാസർ
ഉണർന്നില്ല.
പട്ടിണിപ്പാവമായ,
സുഹൃത്തുക്കളില്ലാത്ത
ആ ...



... ഭിക്ഷക്കാരൻ
തന്റെ
ഈലോകജീവിതം
വിട്ടുപോയിരിക്കുന്നു.
ലാസർ
മരിച്ചുപോയി.



താൻ മരിച്ച നിമിഷം
മുതൽ തന്റെ സന്തോഷകാലം
ആരംഭിച്ചു. അബ്രഹാമിനോടൊപ്പം
ആയിരിക്കുവാൻ വേണ്ടി അവനെ
കൊണ്ടുവരുവാൻ
ദൈവം
ദൂതന്മാരോടു
കല്പിച്ചു.



ആ ധനവാനും മരിച്ചു. തന്റെ സകല ധനം കൊണ്ടും അവനു അവന്റെ ജീവൻ രക്ഷിക്കാനായില്ല.



മരണം വരുമ്പോൾ അതിനെ ആർക്കും തടയുവാൻ കഴിയുകയില്ല.



ധനവാനെ കുഴിച്ചിട്ടു. അതൊരു വലിയ ശവസംസ്കാര ചടങ്ങ് ആയിരുന്നിരിക്കണം. വിജയിയും ബുദ്ധിമാനുമായിരുന്നു താനെന്ന് പറഞ്ഞ്

ജനങ്ങൾ ധനവാനെ ...



... പുകഴ്ത്തിയിട്ടുണ്ടാവും. എന്നാൽ അവരുടെ പുകഴ്ച വാക്കുകളും അവനെ രക്ഷിച്ചില്ല. ആ ധനവാൻ നരകത്തിലായിരുന്നല്ലോ.



നരകത്തിൽ, ധനവാൻ നിലവിളിച്ചു:
“അബ്രഹാം പിതാവേ, ആ ലാസറിനെ ഇങ്ങോട്ട് ഒന്ന് അയക്കണമേ, ...



… അവൻ തന്റെ ചെറുവിരൽ വെള്ളത്തിൽ
മുക്കി എന്റെ നാവൊന്നു തണുപ്പിക്കട്ടെ,
ഞാനിവിടെ തീക്കകത്ത് പൊരിയുകയാണ്.”



അബ്രഹാം
ധനവാനെ ഓർപ്പിച്ചു:
“ജീവിച്ചിരുന്നപ്പോൾ
നിനക്ക് സകലതും
ഉണ്ടായിരുന്നു.
ലാസറിനോ യാതൊന്നും
ഇല്ലായിരുന്നു.





ഇപ്പോൾ ലാസർ ആശ്വസിക്കുമ്പോൾ നീ യാതന അനുഭവിക്കുന്നു. ഞങ്ങൾക്കും നിനക്കും തമ്മിലുള്ള വിടവ് കടന്നെത്തുവാൻ ആർക്കും കഴികയില്ല.”



ധനവാൻ വീണ്ടും യാചിച്ചു:
“എന്റെ അഞ്ച് സഹോദരന്മാർ
ഈ യാതനാസ്ഥലത്തു വരുവാൻ
ഞാൻ
ആഗ്രഹിക്കുന്നില്ല.



അതുകൊണ്ട് അവരെ
ഉപദേശിക്കേണ്ടതിന്
ലാസറിനെ അവരുടെ
അടുത്തേക്ക്
അയക്കേണമേ.”



“നിന്റെ സഹോദരന്മാർക്ക്
അവിടെ ദൈവവചനം ഉണ്ട്.”
അബ്രഹാം മറുപടി പറഞ്ഞു.



ആ അഞ്ച്
സഹോദരന്മാർ വേദപുസ്തകം
വിശ്വസിക്കുന്നില്ലെങ്കിൽ
മരിച്ചുപോയ
ലാസർ
ചെന്ന്
പറഞ്ഞാലും
വിശ്വസിക്കയില്ല.



യേശു ധനവാന്റെയും ലാസറിന്റെയും കഥ പറഞ്ഞുകഴിഞ്ഞപ്പോൾ, മതനേതാക്കന്മാർ സ്വയം ചോദിച്ചുകാണും, ...



... “ഞാൻ ദൈവത്തെ
സ്നേഹിക്കുന്നതിനെക്കാൾ
അധികം ധനത്തെ
സ്നേഹിക്കുന്നുവോ?”



തങ്ങൾ ദൈവത്തിന്റെ വചനത്തെ
പിൻപറ്റി ജീവിക്കുന്നില്ലെങ്കിൽ
എന്തുസംഭവിക്കുമെന്ന്
ഇപ്പോൾ അവർക്ക്
മനസിലായിക്കാണും.



ധനവാനും ദരിദ്രനും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 16

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16